# ഇടയലേഖനം

**ദൈവകൃപയാലും ശ്ലൈഹീക സിംഹാസനത്തിന്റെ മനോഗുണത്താലും ഫരീദാബാദ്-ഡൽഹി രൂപതയുടെ മെത്രാൻ കുര്യാക്കോസ് ഭരണികുളങ്ങര തന്റെ അധികാരത്തിൽപ്പെട്ട ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിമാർക്കും അസ്തേന്തിമാർക്കും മറ്റു വൈദികർക്കും സന്യാസിനീസന്യാസിമാർക്കും വിശ്വാസികൾക്കുമായി എഴുതുന്നത്.**

*മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,*

2020-ലെ വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുകകയാണ്. ക്രൈസ്തവരെ സംബന്ധിച്ചടത്തോളം അവരുടെ ആത്മീയ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാളുകളിലേക്കാണ് നാം പ്രവേശിക്കുന്നത്. ആത്മീയാനുഭവത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും പ്രത്യേക അവസരമാണ് ഈ കാലഘട്ടം. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും വഴിയിലൂടെ നാം കുരിശിലേക്ക് നടന്നടുക്കുന്ന ദിനങ്ങളാണ് വലിയ നോമ്പ്. കഴിഞ്ഞ വർഷങ്ങളിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ നാം നെഞ്ചോട് ചേർത്തു പിടിച്ച പലരും ഇന്ന് നമ്മോടുകൂടെയില്ല എന്ന സത്യം നാം അനുസ്മരിക്കുമ്പോൾ എന്റെ മനസ്സിലേക്ക് കടന്നു വരുന്നത് പുതിയ നിയമത്തിലെ ഒരു തോട്ടം സൂക്ഷിപ്പുകാരന്റെ മുഖം ആണ് (Luke; 13: 6-9). ഫലം ലഭിക്കുമെന്നോർത്ത് യജമാനൻ നട്ടുപിടിപ്പിച്ച വൃക്ഷത്തിൽ നിന്ന് യജമാനൻ ആഗ്രഹിച്ച ഫലം കിട്ടില്ല എന്നറിഞ്ഞപ്പോൾ അത് വെട്ടിക്കളയുക. എന്തിനു നിലം പാഴാക്കണം എന്നാണ് യജമാനൻ കൃഷിക്കാരനോട് ആവശ്യപ്പെടുന്നത്. എന്നാൽ ഒരു വർഷം കൂടെ അതവിടെ നിൽക്കട്ടെ, ഞാൻ അതിന്റെ ചുവടുകിളച്ച് വളമിടാം എന്ന കൃഷിക്കാരന്റെ അഭ്യർത്ഥന, എന്റെയും നിങ്ങളുടെയും ജീവിതത്തിന് നൽകുന്ന പ്രതീക്ഷ ചെറുതൊന്നുമല്ല. കാരണം ഇത് പോലെ ആരുടെയൊക്കെയോ മാദ്ധ്യസ്ഥം ദൈവസന്നിധിയിൽ ഉയരുന്നതുകൊണ്ടാണ് നാം ഇന്ന് ഈ ലോകത്തിൽ ആയിരിക്കുകയും വീണ്ടും ഒരു നോമ്പിലേക്കു കൂടി നാം പ്രവേശിച്ചിരിക്കുന്നതും എന്ന സത്യം നാം മനസ്സിലാക്കണം.

നോമ്പുകാലത്തിൽ നാം കേട്ടുമടുക്കുന്ന ചില ചിന്തകൾ ഉണ്ട്. ഉപവാസം, പ്രാർത്ഥന, ദാനധർമ്മം, നവീകരണം. എന്തുകൊണ്ടാണ് ഇവ നമ്മിൽ ചിലപ്പോഴെങ്കിലും വിരസതയുണ്ടാക്കുന്നതെന്ന് ചിന്തിച്ചു നോക്കിയാൽ ഉത്തരം വളരെ എളുപ്പമാണ്. കാരണം അവയൊന്നും നമ്മുടെ ജീവിതത്തെ ഒരിക്കലും സ്പർശിക്കാതെ കടന്നു പോകുന്നവയാണ് എന്നതുതന്നെ. നമ്മുടെയെല്ലാം നോമ്പ് ഇപ്രകാരം ഉള്ളതാണോ എന്ന് ഒരു ആത്മപരിശോധന ചെയ്യേണ്ടത് ഈ അവസരത്തിൽ നല്ലതാണ്. ഏശയ്യാ പ്രവാചകനിലൂടെ ദൈവം നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ്, “കാർമേഘം പോലെ നിന്റെ തിന്മകളെയും മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞാൻ തുടച്ചു നീക്കി. എന്നിലേക്കു തിരിച്ചു വരിക, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു.” (ഏശയ്യാ; 44:22). നോമ്പുകാലത്തിന്റെ ചൈതന്യം ഇതല്ലാതെ മറ്റൊന്നല്ല. ദൈവത്തിലേക്കുള്ള ഒരു തിരിച്ചു പോക്കും ആ തിരിച്ചുപോക്കിൽ നമ്മെ ദൈവം വീണ്ടെടുക്കുന്നതുമാണ് നോമ്പുകാലം. ഈ വീണ്ടെടുപ്പിന്റെ പൂർത്തീകരണമാണ് ഉയിർപ്പ്. ഈ പൂർത്തീകരണത്തിൽ ബലഹീനരായ നാം നമ്മുടെ പാപങ്ങളോട് പടപൊരുതി മനസ്സിനെയും, ശരീരത്തെയും പങ്കുചേർക്കുന്നത് ഉപവാസം, പ്രാർത്ഥന, ദാനധർമ്മം, നവീകരണം എന്നിവയിലൂടെയാണ്. ഈ സൽക്കർമ്മങ്ങൾ എല്ലാം തന്നെ എങ്ങനെ അനുഷ്ഠിക്കണമെന്ന്

കൃത്യമായി വി.ഗ്രന്ഥത്തിൽ നമ്മെ പഠിപ്പിക്കുന്നുണ്ട്. നീ ഉപവസിക്കുമ്പോൾ നിന്റെ ക്ഷീണം ആരെയും അറിയിക്കാതിരിക്കാൻ മുഖം കഴുകിയും പ്രാർത്ഥിക്കുമ്പോൾ വാതിലടച്ചും, ദാനധർമ്മം ചെയ്യുമ്പോൾ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതെയും . . . അതിനാൽ വിരസത എന്നതിനെക്കാൾ ജീവിതത്തിന്റെ ഭാഗമാക്കേണ്ട ഈ സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ട് ഈ വരുന്ന നോമ്പുകാലത്തെ വരവേൽക്കാനായാൽ ഈ നോമ്പ് നമ്മുടെയെല്ലാവരുടെയും ആത്മീയ ജീവിതത്തിൽ ഫലം ചൂടലുകളുടെ കാലഘട്ടമായിരിക്കും എന്ന് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

സ്നേഹമുള്ള ദൈവമക്കളേ, എല്ലാറ്റിന്റെയും അടിസ്ഥാനം ക്രിസ്തുവിന്റെ ഉത്ഥാനമാണെന്ന് നാം മറക്കരുതേ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ വത്തിക്കാനിൽ വച്ച് നടത്തിയ ഒരു ദിവ്യബലിയ്ക്കിടെ ഇപ്രകാരം പറഞ്ഞു വച്ചു. “മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യവും, നിയോഗവും ഉത്ഥാനം ആണെന്ന്.” എന്നാൽ ഇന്ന് നമ്മുടെ പല ജീവിതങ്ങളും ഈ സത്യം മറന്നുകൊണ്ടുള്ള ഒരു ജീവിതമാണ് നയിക്കുന്നത്. ഒരു പ ക്ഷെ അതാണ് സത്യം എന്നറിഞ്ഞിട്ടുപോലും അതിനെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതങ്ങളെ കാണുമ്പോൾ അതിനെ എന്ത് പേരിട്ടാണ് നാം വിളിക്കേണ്ടത്? ക്രിസ്തുവിന്റെ ഉയിർപ്പാണ് ഒരു ക്രൈസ്തവന്റെ പ്രത്യാശ. ഈ പ്രത്യാശ ഇല്ലാത്തവരെ നോക്കിക്കൊണ്ട് പൗലോസ് ശ്ലീഹ ഇപ്രകാരം ആണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. “ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.” (1 കൊറി 15:14). ഈ വാക്കുകളിൽ നിന്ന് പൗലോസ് ശ്ലീഹ എന്താണ് ക്രിസ്തുവിന്റെ ഉയിർപ്പിനെപ്പറ്റി നമ്മെ പഠിപ്പിക്കുന്നതെന്ന് വ്യക്തമാണല്ലോ. കാലഘട്ടത്തിന്റെ വ്യതിയാനങ്ങൾക്കനുസരിച്ച് ഈ സത്യത്തിന് മാറ്റം സംഭവിക്കില്ല. കാരണം യേശു ക്രിസ്തു അന്നും, ഇന്നും എന്നും ഒരാൾ തന്നെയാണ്.

പീഡാസഹനത്തിനു ശേഷം ഉത്ഥാനം ഉണ്ട് എന്നുള്ളത് ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം നൽകുന്ന പ്രത്യാശ വലുതാണ് എന്ന് പറയുവാൻ കാരണങ്ങൾ ഏറെയാണ്. അനുദിന ജീവിത്തിൽ നാം ഓരോരുത്തരും സഹിക്കുന്ന കുരിശുകൾക്കും, പീഡാസഹനങ്ങൾക്കും അപ്പുറം ഒരു ഉത്ഥാനം ഉണ്ടെന്ന് നാം മറക്കരുത്. മണിക്കൂറുകളുടെ പീഡാസഹനം കഴിഞ്ഞാൽ നിത്യമായ ഒരു ഉയിർപ്പുണ്ട്. ഈ ഉയിർപ്പിനെ ലക്ഷ്യമാക്കിയുള്ളതാകണം നമ്മുടെ വലിയ നോമ്പ്. ഈ ലക്ഷ്യത്തിലേക്ക് നോമ്പ് നമ്മെ നയിക്കുന്നില്ലെങ്കിൽ നമ്മുടെ നോമ്പും പരിത്യാഗങ്ങളും എല്ലാം വെറും കാട്ടിക്കൂട്ടലുകളായി മാറും എന്ന് നാം മറക്കരുത്. സഭയുടെ മതബോധന ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. “ക്രൈസ്തവ വിശ്വാസത്തിന്റെ ആദിമുതലുള്ള വിശ്വാസങ്ങളിൽ ഒന്നാണ് മരിച്ചവരുടെ ഉയിർപ്പ്. നമ്മുടെ ആത്മവിശ്വാസം എന്ന് പറയുന്നതും, നാം ജീവിക്കുന്നതും ഈ ഉയിർപ്പിലുള്ള പ്രത്യാശയെ അടിസ്ഥാനമാക്കിയാണ്”(CCC.991). ഈ മഹാസത്യത്തെ മനുഷ്യബുദ്ധികൊണ്ട് അളന്നു തിട്ടപ്പെടുത്തരുത്. കാരണം അത് മനുഷ്യബുദ്ധിക്കതീതമാണ്. അതുകൊണ്ടാണ് 2018 മാർച്ച് 14-ന് ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറഞ്ഞത് “മനുഷ്യബുദ്ധിക്ക് ചിന്തിക്കാൻ കഴിയാതെ ഇരുന്നതെന്തോ അത് സംഭവിച്ചു” എന്ന്. നമ്മുടെ വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾ തുറന്ന് ഈ വിശ്വാസ സത്യത്തിലേക്ക് ഇറങ്ങാൻ പ്രാർത്ഥനയുടെ വെളിച്ചം നമുക്ക് ആവശ്യമാണ്. അതിനായി ഇന്ന് നമ്മെ സഹായിക്കുന്നത് നമ്മുടെയെല്ലാം അമ്മയായ സഭയാണ്. സഭയിലൂടെ നമുക്ക് ലഭിക്കുന്ന കൂദാശകൾ നമ്മെ അതിലേക്ക് വഴി നടത്തുന്നു.

ഈശോയുടെ രക്ഷാകര രഹസ്യങ്ങളായ പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും അനുസ്മരിക്കുന്ന നോമ്പുകാലം വിശ്വാസികളെ സംബന്ധിച്ച് തങ്ങളുടെ കൂദാശാജീവിതത്തെ നവീകരിക്കാനും ശക്തിപ്പെടുത്തുവാനുമുള്ള അവസരമാണ്. കൂദാശാ ജീവിതത്തിന്റെ പ്രാധാന്യത്തെ കൂടെ ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കട്ടെ. വത്സലമക്കളെ, ഒരു ക്രൈസ്തവനെ സഭയോട് ചേർത്ത് നിർത്തുന്നത് കൂദാശകൾ ആണ്. ഇന്നത്തെ തലമുറ ചിലപ്പോഴെങ്കിലും കൂദാശാ ജീവിതത്തിനോട് കാണിക്കുന്ന വിമുഖത എന്നെ ആശങ്കപ്പെടുത്തുന്നുണ്ട്. ക്രൈസ്തവ ആത്മീയതയുടെ ശക്തികേന്ദ്രവും ചാലകശക്തിയുമാണ് ദിവ്യകാരുണ്യം എന്ന് വിശേഷിപ്പിക്കാറുണ്ട്. അനുദിന ദിവ്യബലി നമ്മുടെ ആത്മീയ ജീവിത്തെ പരിപുഷ്ഠിപ്പെടുത്തുമെന്നതിൽ സംശയമില്ല. ഈ നോമ്പുകാലത്ത് പ്രത്യേകിച്ചും എല്ലാ ദിവസവും കുർബാന കൂടാൻ സാധിച്ചാൽ

അത് വലിയ അനുഗ്രഹപ്രദമായിരിക്കും. ദിവ്യകാരുണ്യം ആത്മീയമായ ആഹാരം എന്നപോലെ തന്നെ ഇടവക സമൂഹത്തിൽ കൂട്ടായ്മയും ഐക്യവും ശക്തിപ്പെടുത്തുവാനുള്ള മാർഗ്ഗവുമാണ് കുർബാന. ഈ നോമ്പുകാലത്ത് കുമ്പസാരിക്കുവാനുള്ള അവസരങ്ങൾ ഒരുക്കുവാൻ എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആവശ്യമെങ്കിൽ യുവജനങ്ങൾക്ക് മറ്റു ഭാഷകളിൽ കുമ്പസാരിക്കുവാൻ പുറമെ നിന്ന് വൈദികരെ ക്ഷണിക്കുന്നത് ഉചിതമായിരിക്കും. "ആണ്ടിലൊരിക്കൽ കുമ്പസാരിച്ച് പെസഹാകാലത്ത് കുർബാന സ്വീകരിക്കുന്നത്" തിരുസഭയുടെ കല്പനകളിൽ ഒന്നാണെന്ന് ഓർമ്മിക്കുമല്ലോ. ഈ കടമയെപ്പറ്റി നമ്മുടെ യുവജനങ്ങളേയും കുട്ടികളേയും അവബോധമുള്ളവരാക്കുന്നത് ആവശ്യമാണ്. വളരെ പ്രത്യേകമായി കുമ്പസാരം എന്ന കൂദാശയിൽ നിന്നും ഒരിക്കലും നാം അകന്ന് നിൽക്കരുത്. ബലഹീന രായ നമ്മെ ദൈവത്തിലേക്ക് ചേർത്ത് നിർത്തുന്ന ദൈവത്തിന്റെ കരുണയാണ് കുമ്പസാരം എന്ന കൂദാശ. കുമ്പസാരിക്കുമ്പോൾ ദൈവത്തിനു അറിയാത്ത കാര്യമോ അവിടുന്ന് കാണാത്ത സംഭവമോ ഒന്നുമല്ല നാം ഏറ്റുപറയുന്നത് എന്ന മനോഭാവത്തോടെയാകണം നാം കുമ്പസാരമെന്ന കൂദാശയെ സമീപിക്കേണ്ടതെന്ന് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു

ജീവിതനവീകരണത്തിനുള്ള ഒരവസരമാണ് നോമ്പുകാലത്ത് സംഘടിപ്പിക്കാറുള്ള വാർഷികധ്യാനങ്ങൾ. ഓരോ ഇടവകയുടേയും സാഹചര്യമനുസരിച്ച് മുഴുവൻ ദിവസമോ, വൈകുന്നേരങ്ങളിൽ മാത്രമോ വാർഷികധ്യാനങ്ങൾ ക്രമീകരിക്കേണ്ടതാണ്. കുടുംബാംഗങ്ങൾ എല്ലാവരും പ്രത്യേകിച്ച് നമ്മുടെ കുട്ടികളേയും, യുവജനങ്ങളേയും ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ. ആത്മീയ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിനുതകുന്ന മറ്റൊന്നാണ് നോമ്പുകാലത്ത് നമ്മൾ നടത്തുന്ന "കുരിശിന്റെ വഴി". കഴിയുന്നതും എല്ലാ ദിവസവും പ്രത്യേകിച്ച് വെള്ളിയാഴ്ച കുർബാനയ്ക്ക് മുമ്പോ ശേഷമോ കുരിശിന്റെ വഴി നടത്തേണ്ടതാണ്. ഇതിന് ഓരോ ദിവസവും കുടുംബയൂണിറ്റുകൾക്കും ഭക്തസംഘടനകൾക്കും നേതൃത്വം നൽകാവുന്നതാണ്. അതുപോലെ നോമ്പുകാലത്ത് നടത്താവുന്ന മറ്റൊരു ഭക്താഭ്യാസമാണ് പരിശുദ്ധ കുർബാനയ്ക്കു മുമ്പിലുള്ള ആരാധന. പ്രത്യേകിച്ചും പെസഹാ വ്യാഴാഴ്ചത്തെ ആരാധനയും പ്രദക്ഷിണവും നന്നായി ഒരുങ്ങി നടത്തേണ്ടതാണ്. നിത്യപുരോഹിതനായ ഈശോ പരിശുദ്ധ കുർബാന സ്ഥാ പിച്ച ദിവസമായ അന്ന് ഏവരും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

വിവാഹമെന്ന കൂദാശസ്വീകരിച്ച് ദാമ്പത്യജീവിതം നയിക്കുന്നവർക്ക് കുടുംബജീവിതത്തെ ക്രമപ്പെടുത്തുവാനും മക്കൾക്ക് മാതൃകാപരമായി, പ്രത്യേകിച്ച് വിശ്വാസജീവിതത്തിൽ ജീവിക്കുവാ നുള്ള ക്ഷണമാണ് നോമ്പുകാലം. ഈ മഹാനഗരത്തിൽ അജ്ഞാതാവസ്ഥയിൽ വിവാഹിതരാകാതെ കൂടി താമസിക്കുന്നവരുടേയും മറ്റു മതസ്ഥരുമായി വിവാഹം കഴിച്ച് കഴിയുന്നവരുടേയും കൂദാശ പരമായി വിവാഹിതരാകാതെ സിവിൽ നിയമപരമായി മാത്രം വിവാഹിതരായി സഭയിൽ നിന്ന് അകന്ന് കഴിയുന്നവരുടേയും എണ്ണം കൂടുതലാണെന്ന് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നോമ്പുകാലം അവരെ സഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ബന്ധപ്പെട്ട ഏവരും ഈ നോമ്പുകാലത്ത് ശ്രമിക്കേണ്ടതാണ്.

നമ്മുടെ രൂപതയിൽ വാർദ്ധക്യം മൂലം കഷ്ടപ്പെടുന്നവരും പ്രായാധിക്യം കൊണ്ട് കഷ്ടപ്പെടുന്നവരും അധികമില്ലെങ്കിലും രോഗീലേപനം എന്ന കൂദാശ ആവശ്യമുള്ളവർക്ക് അത് നൽകുവാൻ ഈ നോമ്പുകാലത്ത് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രമിക്കുമല്ലോ. വളരെയേറെ ആശുപത്രികളുള്ള ഈ നഗരത്തിൽ രോഗീലേപനവും ഒരു വൈദികന്റെ സേവനവും ആവശ്യമുള്ളവർക്ക് അത് നൽകേണ്ടത് അജപാലനപരമായി ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ നേഴ്സുമാർക്കും ആശുപത്രിയിൽ ജോലി ചെയ്യുന്നവർക്കും ഇക്കാര്യത്തിൽ മുൻകൈയെടുക്കാവുന്നതാണ്. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷയെ നന്ദി പൂർവ്വം സ്മരിക്കുന്നു.

വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ ബന്ധപ്പെട്ടവരുമായി മുൻകൂട്ടി ആലോചിച്ച് അവ ഭക്തിനിർഭരമായും അർത്ഥപൂർണ്ണമായും നടത്തണമെന്ന് ഏവരേയും ആഹ്വാനം ചെയ്യുന്നു. ഓശാന ഞായറാഴ്ച്ചയിലേയും,

പെസഹാ വ്യാഴാഴ്ചയിലെയും, ദു:ഖവെള്ളിയിലെയും, ഈസ്റ്റർ ഞായറാഴ്ച്ചയിലേയും ചടങ്ങുകളും പ്രദക്ഷിണവും, സ്കിറ്റുകളും പർവ്വതീകരിച്ച് കാണിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

ദൈവത്തോടും മനുഷ്യരോടും രമ്യതയിലായി, ഉപവാസത്തിലൂടെയും, പ്രാർത്ഥനയിലൂടെയും, ദാന ധർത്തിലൂടെയും പരോപകാരത്തിലൂടെയും പ്രായാശ്ചിത്തത്തിലൂടെയും നമ്മുടെ ആത്മീയ ജീവിത്തെ നമ്മുടെ കുടുംബങ്ങളെ നവീകരിക്കാൻ നമുക്ക് പരിശ്രമിക്കാം. അങ്ങനെ ഈ നോമ്പുകാലം ഫലങ്ങൾ ചൂടുന്ന ഒരു കാലഘട്ടമായി നമ്മുടെ ജീവിത്തിൽ അനുഭവഭേദ്യമാകട്ടെ. അനുഗ്രഹത്തിന്റെ ഒരു കാലഘട്ടമായി ഈ നോമ്പ് നമ്മിൽ നിറയട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം<br>
നിങ്ങളുടെ പിതാവ്<br>
**ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര**<br>
ഫരീദാബാദ്-ഡൽഹി രൂപതയുടെ മെത്രാൻ

*(കരോൾ ബാഗിലുള്ള രൂപതാ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ഫെബ്രുവരി മാസം 19-ാം തീയതി ബുധനാഴ്ച്ച നൽകപ്പെട്ടത്. ഈ ഇടയലേഖനം 2020 ഫെബ്രുവരി 23-ാം തീയതി കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള എല്ലാ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്കായി വായിക്കേണ്ടതാണ്.)*